Page 1 of 1

## ശബരിമലയിലെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം

**129 (2415)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശബരിമലയിലെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ സമഗ്ര പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ലഭ്യമാണോ ?

ഉത്തരം

സമഗ്രപഠനം നടത്തിയിട്ടില്ല. എന്നാൽ 2012-ലെ തീർത്ഥാടനം കഴിഞ്ഞയുടൻ സർക്കാർ നിയോഗിച്ച ഒരു വിദഗ്ധ സമിതി ഒരു പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനകാലം കഴിഞ്ഞയുടൻ മലിനീകരണനിയന്ത്രണ ബോർഡ് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. ടി റിപ്പോർട്ടുകൾ ലഭ്യമാണ്.

## ശബരിമലയിലെ നടവരവ്

**130 (2416)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മണ്ഡലം-മകരവിളക്ക് സീസണിൽ ശബരിമലയിൽ എന്ത് തുക നടവരവ് ഇനത്തിൽ ലഭ്യമായിയെന്ന് വെളിപ്പെടുത്താമോ ;

(ബി) മുൻ വർഷത്തേക്കാൾ എത്ര തുക അധികരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 201,31,62,922 രൂപ

(ബി) 22,78,55,047 രൂപ

## ഗുരുവായൂർ ക്ഷേത്രത്തിലെ നടവരവ്

**131 (2417)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ക്ഷേത്രത്തിലെ 2012-13, 2013-14 വർഷങ്ങളിലെ നടവരവ് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തൻമാർക്കുണ്ടാകുന്ന അസൗകര്യങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇപ്പോൾ ഇതുസംബന്ധിച്ച് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly